# നാളികേര ഉൽപാദക കമ്പനികൾ കൺസോർഷ്യം രൂപീകരിച്ചു

കൊച്ചി ● കേരളത്തിലെ 12 നാളികേര ഉൽപാദക കമ്പനികൾ ചേർന്ന് നാളികേര വികസന ബോർഡുമായി സഹകരിച്ച് 'കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള' രൂപീകരിച്ചു. കൊല്ലം കൈപ്പുഴ നാളികേര ഉൽപാദക കമ്പനിയുടെ ഷാജഹാൻ കാഞ്ഞിരവിളയെ ചെയർമാനായി തിരഞ്ഞെടുത്തു. മലപ്പുറം നാളികേര ഉൽപാദക കമ്പനിയുടെ നാസർ പൊന്നാടാണ് ജനറൽ സെക്രട്ടറി.

കാർഷിക പുരോഗതിക്ക് ആവശ്യമായ നിർദേശങ്ങളും സഹായങ്ങളും നൽകുക, കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും സഹായങ്ങൾ കമ്പനികളിലേക്ക് എത്തിക്കുക തുടങ്ങിയവയാണ് കൺസോർഷ്യത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളെന്ന് ഭാരവാഹികൾ പറഞ്ഞു. കൺസോർഷ്യത്തിന്റെ മറ്റു ഭാരവാഹികൾ: സണ്ണി ജോർജ്, വിനോദ് കുമാർ (വൈസ് ചെയർമാൻമാർ).